## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1082 — 14.01.2021 ൽ മറുപടിയ്ക്ക്

### മയക്കുമരുന്ന് വിപണനം തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയുടെ വിപണനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വ്യാജ മദ്യ-മയക്കുമരുന്നുകളുടെ വിപണനം തടയാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള എല്ലാ സ്ഥലങ്ങളും കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കാൻ | (ബി) | എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി തിരക്കേറിയ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുകയും, 20 ചെക്ക് പോസ്റ്റുകളിലേക്ക് |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും, എൽ.ഇ.ഡി. സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിക്കുകയും, 6 താലൂക്കുകളിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫീൽഡ് ഓഫീസുകളിൽ പഴക്കമുള്ള വാഹനങ്ങൾക്ക് പകരമായും, ഹൈവേ പട്രോളിംഗിനായും 278 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി 381 കമ്പ്യൂട്ടറുകളും, പ്രിന്ററും, സ്കാനറുകളും, 30 ലാപ് ടോപ്പുകളും, 40 ഫോട്ടോകോപ്പിയറുകളും വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ എക്സൈസ് ചെക്ക് പോസ്റ്റുകളിലുൾപ്പെടെ 177 ഓഫീസുകളിൽ ഇൻവെർട്ടർ സംവിധാനം ഏർപ്പെടുത്തുകയും,, 25 സോളാർ ലൈറ്റുകൾ വിവിധ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുകയും ചെയ്തു. എറണാകുളം, പാലക്കാട് ജില്ലകളിൽ ഡിജിറ്റൽ വയർലസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ